പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

## കേരള പോലീസ് സായുധസേനയിലെ കായികതാരങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3502 | 14/03/2017-ൽ മറുപടിക്ക്

ചോദ്യം
ശ്രീ.പി.സി.ജോർജ്

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | 30.01.2017-ലെ ആഭ്യന്തര വകുപ്പ് (എ) സ.ഉ. (എം.എസ്.) നം. 17/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കേരള പോലീസ് സായുധസേനയിൽ ഹവിൽദാർ തസ്തികയിൽ സ്പോർട്സ് ആന്റ് ഗെയിംസിൽ മികവ് തെളിയിച്ച കായികതാരങ്ങളെ തെരഞ്ഞെടുത്തതു പ്രകാരം നാളിതുവരെ എത്ര കായികതാരങ്ങളെ സർവ്വീസിൽ എടുത്തു ; ഇവരുടെ പേര്, ഇനം (സ്പോർട്സ്) സഹിതം വിശദമാക്കുമോ ; | (എ) (ബി) & (സി) | കായികതാരങ്ങളെ സെലക്ഷൻ ട്രയൽസ് നടത്തി തെരഞ്ഞെടുത്ത പ്രകാരം അവരെ നിയമിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി ടിയാളുകൾക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അനുവർത്തിക്കുന്നതിനിടയിൽ വിഷയത്തിന്മേൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ സമർപ്പിക്കപ്പെട്ടു. ടി കാര്യത്തിലെ ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് പരിശോധിച്ച് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ നാളിതുവരെ ഇവരെ നിയമിക്കാത്തതെന്തുകൊണ്ട് ; | | |
| (സി) | ഏതെങ്കിലും കായിക ഇനത്തിൽ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തതിൽ തർക്കം/പരാതികൾ ഉണ്ടെങ്കിൽ ആ കായിക ഇനത്തിലെ നിയമനം മാറ്റി വെച്ച് തർക്കവും പരാതിയുമില്ലാത്ത കായിക ഇനത്തിലെ നിയമനം കിട്ടിയവരെ അടിയന്തരമായി പോലീസ് സേനയിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ; | | |
| (ഡി) | 30.01.2017-ലെ ഉത്തരവിൽ വോളീബാൾ ടീമിലേയ്ക്ക് ഉള്ള നിയമനം റദ്ദാക്കിയതായി കാണുന്നതിനാൽ അടിയന്തരമായി വോളീബാളിൽ ആളെ എടുക്കുവാൻ സെലക്ഷൻ ട്രയൽസ് നടത്തുമോ ; വിശദമാക്കുമോ ? | (ഡി) | സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ